**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1526** **10-10-2024 - ൽ മറുപടിയ്ക്ക്**

**റീസർവേ നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റീസർവേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവെ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടാനായി 2022 നവംബർ 1 മുതൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.ആദ്യ ഘട്ടങ്ങളിൽ സർവെ ആരംഭിച്ച 438വില്ലേജുകളിൽ 212 വില്ലേജുകളുടെ സർവെ അതിരടയാള നിയമ പ്രകാരമുള്ള സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി വില്ലേജുകളുടെ സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്ന ജോലികൾ പുരോഗതിയിലാണ്. |
| (ബി) | റീസർവേ നടപടികൾ പൂർത്തിയാക്കാൻ സെൻട്രൽ സർവേ ഓഫ് ഇന്ത്യയുടെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സർവെ ഓഫ് ഇന്ത്യ സ്ഥാപിച്ചിട്ടുള്ള GTS ബെഞ്ച് മാർക്ക്, ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ എന്നിവ റഫറൻസ് പോയിന്റുകളായി ഉപയോഗിച്ചാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവെ ആരംഭിക്കുന്നതിന് മുൻപുള്ള റീസർവെ ജോലികൾ ചെയ്തു വന്നിരുന്നത്. 2022 നവംബർ 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ COR (Continuously Operating Reference Station) സംവിധാനം അടിസ്ഥാനമാക്കി സർവെ ഓഫ് ഇന്ത്യയുടെ സാങ്കേതിക സഹായത്തോടയാണ് പ്രവർത്തിക്കുന്നത്. ഇതിലേക്ക് 28 COR സ്റ്റേഷനും ഒരു കോർ കൺട്രോൾ സെന്ററും സംസ്ഥാനത്ത് സർവെ ഓഫ് ഇന്ത്യയുടെ സാങ്കേതിക സഹായത്തോടെയാണ് സ്ഥാപിച്ചിട്ടുള്ളത്. |
| (സി) | റീ സർവേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ? | (സി) | ഡിജിറ്റലായി ഇതിനകം (ETS ഉപയോഗിച്ച്) സർവെ നടത്തിയ 116 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള സംസ്ഥാനത്തെ 1550 വില്ലേജുകളിലെ സർവെ ജോലികൾ നാല് വർഷം കൊണ്ട് ഡിജിറ്റലായി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് കൊണ്ട് 2022 |

| | | | |
|---|---|---|---|
| | | | നവംബർ 1 ന് ഡിജിറ്റൽ സർവെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ438 വില്ലേജുകളിലാണ് രണ്ട് ഘട്ടങ്ങളിലായി ഡിജിറ്റൽ സർവെ നടന്നു വരുന്നത്. ഇതിൽ 212 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചു. സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ